**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1464** **18-01-2021 - ൽ മറുപടിയ്ക്ക്**

**കള്ളിക്കാട് മത്സ്യവിത്തുൽപാദന കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.കെ. ഹരീന്ദ്രൻ | | Smt. J. Mercykutty Amma<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ കാലയളവിൽ കള്ളിക്കാട് മത്സ്യവിത്തുൽപാദന കേന്ദ്രത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശവും ആയതിലേയ്ക്കായി വകയിരുത്തിയ തുക എത്രയാണെന്നും അറിയിക്കാമോ; | (എ) | ഈ സർക്കാർ കാലയളവിൽ കള്ളിക്കാട് നെയ്യാർ മത്സ്യവിത്തുല്പാദന കേന്ദ്രത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. കൂടാതെ ഈ സർക്കാർ കാലയളവിൽ ടി മത്സ്യവിത്തുല്പാദനകേന്ദ്രത്തിന്റെ നാളിതുവരെയുള്ള ദൈനംദിന മത്സ്യവിത്തുല്പാദന പ്രവർത്തന ങ്ങൾക്കായി 175.48 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; | (ബി) | 2014-15 സാമ്പത്തികവർഷം 344 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതു പ്രകാരം ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് മുഖേന നെയ്യാർ മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യവികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഹാച്ചറി കെട്ടിടത്തിന്റെയും, അനുബന്ധ പ്രവർത്തികളുടെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടി മത്സ്യവിത്തുൽപാദനകേന്ദ്രത്തിന്റെ മൂന്നാംഘട്ട വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് റിയറിംഗ് കുളങ്ങൾ, നേഴ്സറി കുളങ്ങൾ, എയ്റേഷൻ സിസ്റ്റം, ബ്ലോവറുകൾ, ഇൻറേണൽ റോഡ്, കൾവേർട്ട് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു വിതരണം ചെയ്തു വരുന്നു. ഗിഫ്റ്റ് ഹാച്ചറി വിത്തുല്പാദനത്തിനാ വശ്യമായ ജാർ ഹാച്ചിങ്ങ് യൂണിറ്റ്, എഫ്.ആർ.പി ടാങ്കുകൾ, യു.വി ഫിൽട്രേഷൻ സിസ്റ്റം, റീ സർക്കുലേഷൻ സിസ്റ്റം, റാപിഡ് സാൻറ് ഫിൽറ്റർ, സ്ളോ സാൻറ് ഫിൽറ്റർ, ബ്ലോവറുകൾ, Effluent Treatment plant, നേഴ്സറി കുളങ്ങൾ, ബ്രൂഡ് മത്സ്യകുളങ്ങൾ, പരിസ്ഥിതി സംരക്ഷണത്തിനായി ബയോസെക്യൂരിറ്റി സംവിധാനങ്ങൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. Brood stock rearing ponds, Out door nursery unit ന്റെ പ്ലംബിംഗ്, എയ്റേഷൻ വർക്കുകൾ പൂർത്തീകരിക്കുവാനുണ്ട്. നിലവിൽ ഇൻഡോർ |

| | | | |
|---|---|---|---|
| | | | ഹാച്ചറിയിൽ ട്രയൽ റൺ നടത്തി വരുന്നു. അലങ്കാര മത്സ്യയൂണിറ്റ് നവീകരണവുമായി ബന്ധപ്പെട്ട് 6,7 ഹബ്ബുകളുടെ ടാങ്കുകൾ, മേൽക്കൂര എന്നിവയുടെ നവീകരണം, BIRD fencing എന്നിവ പൂർത്തീകരിച്ചു. ബാക്കി പ്രവർത്തികളും, എട്ടാമത്തെ ഹബ്ബിന്റെ നവീകരണവും നടന്നുവരുന്നു. 1-5 വരെയുള്ള ഹബ്ബുകളിൽ നിലവിൽ അലങ്കാരമത്സ്യഉൽപാദനവും വിതരണവും നടന്നു വരുന്നു. നെയ്യാർഡാം ശുദ്ധജല മത്സ്യകർഷക പരിശീലന കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചു. 2019-20, 2020-21 വർഷത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ കർഷക പരിശീലനം ഇതിനോടകം തന്നെ നെയ്യാർഡാം ശുദ്ധജല മത്സ്യകർഷക പരിശീലന കേന്ദ്രത്തിൽ വച്ചു സംഘടിപ്പിച്ചിട്ടുണ്ട്. ഇതോടൊപ്പം വകുപ്പിലെ staff training/ workshop എന്നിവയും ഓൺലൈൻ പരിശീലനങ്ങളും നടപ്പിലാക്കിവരുന്നു. Establishment of Live feed unit integrated with fin fish hatchery എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നിർമ്മാണപ്രവൃത്തികൾ ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് മുഖേന ആരംഭിച്ചിട്ടുണ്ട്. ടി മത്സ്യവിത്തുല്പാദനകേന്ദ്രത്തിന്റെ നാളിതുവരെയുള്ള മത്സ്യവിത്തുല്പാദന പ്രവർത്തനങ്ങൾക്കായി 175.48 ലക്ഷം രൂപ വകയിരുത്തിയിരുന്നതനുസരിച്ച് നാളിതുവരെ 108.65 ലക്ഷം മത്സ്യകുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത കേന്ദ്രത്തിൽ പുതുതായി ഏതെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | നിലവിൽ പുതിയ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ